**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1640** **31-08-2022 - ൽ മറുപടിയ്ക്ക്**

**കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. ടി.സിദ്ദിഖ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ പി സി വിഷ്ണുനാഥ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാന കർഷക ക്ഷേമനിധി ബോർഡ് മുഖാന്തിരം എന്തൊക്കെ ആനുകൂല്യങ്ങളാണ് കർഷകർക്ക് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | പദ്ധതിയിൽ അഞ്ചു വർഷം തുടർച്ചയായി അംശദായം ഒടുക്കുകയും അംശ ദായ കുടിശിക ഇല്ലാതെ തുടരുകയും ചെയ്യുന്ന അംഗങ്ങൾക്ക് ബോർഡ് മുഖേന താഴെ പറയുന്ന സേവനങ്ങൾ/ ആനുകൂല്യങ്ങൾ വിഭാവനം ചെയ്യുന്നു.<br><br>1. അറുപത് വയസ്സ് പൂർത്തിയാക്കിയതും 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചിട്ടുള്ളതുമായ കർഷകർക്ക് പെൻഷൻ.<br><br>2. അഞ്ച് വർഷത്തിൽ കുറയാതെ അംശദായം കുടിശ്ശിക ഇല്ലാതെ അടച്ച ശേഷം മരണമടയുന്ന കർഷകന്റെ കുടുംബത്തിന് കുടുംബ പെൻഷൻ.<br><br>3. അനാരോഗ്യ ആനുകൂല്യം: പെൻഷൻ തീയതിക്ക് മുമ്പ് അനാരോഗ്യം കാരണം കാർഷിക വൃത്തിയിൽ തുടരാൻ കഴിയാത്തവർക്കാണ് ഈ ആനുകൂല്യം.<br><br>4. അവശത ആനുകൂല്യം: രോഗം മൂലമോ അപകടം മൂലമോ ശാരീരിക അവശത ഉള്ളവർക്കാണ് അവശത ആനുകൂല്യം.<br><br>5. ചികിത്സാ സഹായം: ബോർഡ് നിശ്ചയിക്കുന്ന ഇൻഷുറൻസ് പദ്ധതി പ്രകാരം ചികിത്സാ സഹായം ലഭ്യമാക്കുന്നതാണ്.<br><br>6. വിവാഹ, പ്രസവാനുകൂല്യം: ക്ഷേമനിധിയിൽ അംഗങ്ങളാകുന്ന വനിതകളുടെയും അംഗങ്ങളുടെ പെൺമക്കൾക്കും വിവാഹത്തിന് സഹായം നൽകും. അംഗങ്ങളാകുന്ന വനിതകൾക്ക് 2 തവണ പ്രസവത്തിന് ധനസഹായം.<br><br>7. വിദ്യാഭ്യാസ ധനസഹായം: ക്ഷേമനിധി ബോർഡിലെ അംഗങ്ങളുടെ മക്കൾക്ക് അംഗീകൃത |

| | | | |
|---|---|---|---|
| | | | സർവകലാശാലകളിലെ പഠനത്തിന് സഹായം.<br><br>8. മരണാനന്തര ആനുകൂല്യം<br><br>9. ഒറ്റത്തവണ ആനുകൂല്യം<br><br>10. ഇൻഷ്വറൻസ് പരിരക്ഷ |
| (ബി) | എത്ര പേരെയാണ് കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർക്കാൻ ഉദ്ദേശിക്കുന്നത്; നിലവിൽ എത്ര കർഷകരാണ് പ്രസ്തുത ബോർഡിൽ അംഗങ്ങളായിട്ടുള്ളത്; അംഗത്വം പരമാവധിയാക്കാൻ ചെയ്യാനുദ്ദേശിക്കുന്ന കാര്യങ്ങൾ വ്യക്തമാക്കുമോ; | (ബി) | 5 വർഷം കൊണ്ട് സംസ്ഥാനത്തെ അർഹരായ എല്ലാ കർഷകരെയും ബോർഡിന്റെ അംഗത്വ പരിധിയിൽ കൊണ്ട് വരുന്നതിനാണ് ലക്ഷ്യമിടുന്നത്. നാളിതുവരെ 13,020 കർഷകർ കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട്. (22.08.2022 പ്രകാരം).<br><br>മികച്ച രീതിയിൽ കർഷക ക്ഷേമനിധി ബോർഡിനെ പ്രവർത്തിപ്പിക്കുന്നതിനായുള്ള നടപടികൾ കൈകൊണ്ട് വരുന്നു. കർഷകരുടെ അംഗത്വം വർദ്ധിപ്പിക്കാൻ കർഷകർക്കിടയിൽ അവബോധം സൃഷിടിക്കുന്നതിനും, പ്രത്യേകിച്ച് ഇടത്തരം, ചെറുകിട കർഷകരിൽ, അതുവഴി അവരെ പദ്ധതിയിൽ അംഗങ്ങളാക്കുന്നതിനും വിവിധ മാധ്യമങ്ങൾ മുഖേന പ്രചാരണ പരിപാടികൾ നടത്തിവരുന്നു. ഇതിനു പുറമെ, കൃഷി, കൃഷി അനുബന്ധ വകുപ്പുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് കർഷകരോട് നേരിട്ട് പദ്ധതിയെ കുറിച്ച് വിശദീകരിക്കുന്നതിനും അംഗങ്ങളാക്കുന്നതിനും ജില്ല തോറും പരിപാടികൾ നടത്തുന്നതിന് തീരുമാനിച്ചിട്ടുള്ളതും തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ നടത്തിയിട്ടുള്ളതുമാണ്. |
| (സി) | കർഷകർക്ക് 5000 രൂപ പെൻഷൻ നൽകുക എന്ന നിർദ്ദേശത്തിന്മേൽ എന്തൊക്കെ തടസ്സവാദങ്ങളാണ് ധനവകുപ്പ് ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (സി) | കേരള കർഷക ക്ഷേമനിധി ബോർഡ് മുഖേന കർഷകർക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്ന പെൻഷൻ/ മറ്റു ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്ന "കേരള കർഷക ക്ഷേമനിധി പദ്ധതി" ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്. |
| (ഡി) | ആയവ പരിഹരിച്ച് കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സുഗമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (ഡി) | കേരള കർഷക ക്ഷേമനിധി ബോർഡ് മുഖേന കർഷകർക്ക് ലഭ്യമാക്കുവാൻ ഉദ്ദേശിക്കുന്ന പെൻഷൻ/ മറ്റു ആനുകൂല്യങ്ങൾ സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്ന "കേരള കർഷക ക്ഷേമനിധി പദ്ധതി" ധനകാര്യവകുപ്പിന്റെ പരിശോധനയിലാണ്. |

സെക്ഷൻ ഓഫീസർ